## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5404. 06.07. 2012-ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്ത് അംഗീകാരം ലഭിച്ചിട്ടുള്ള മിനറൽ വാട്ടർ പ്ലാന്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാജു | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള എത്ര മിനറൽ വാട്ടർ പ്ലാന്റുകൾ ഉണ്ടെന്നും ആയവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്ലാസ്റ്റിക് കുപ്പികളിൽ അടച്ച് വിൽക്കുന്ന വെള്ളത്തിൽ ആരോഗ്യത്തിന് ഹാനികരമായ എന്തെങ്കിലും വസ്തുക്കൾ അടങ്ങിയിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ടോ; | (ബി) | പ്ലാസ്റ്റിക് കുപ്പികളിൽ അടച്ച് വിൽക്കുന്ന വെള്ളത്തിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. |
| (സി) | ഇതിൽ എത്ര ശതമാനം കീടനാശിനി അടങ്ങിയിട്ടുള്ളതായി പരിശോധനാ ഫലങ്ങളിൽ കണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | പരിശോധന ഫലങ്ങളിൽ കീടനാശിനി അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. |
| (ഡി) | കുടിവെള്ളത്തിൽ അനുവദനീയമായ ബാക്ടീരിയയുടെ അളവ് എത്രയായാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനുള്ള | (ഡി) | കുടിവെള്ളത്തിൽ ബാക്ടീരിയ ഉണ്ടായിരിക്കാൻ പാടില്ല. കുടിവെള്ളത്തിൽ ബാക്ടീരിയയുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | പരിശോധനാ സൗകര്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ? | | നിയന്ത്രണത്തിൽ തിരുവനന്തപുരത്തെ ചീഫ് ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിലും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളിലും മൈക്രോ ബയോളജി വിഭാഗം ആധുനിക ഉപകരണങ്ങളോടു കൂടി പ്രവർത്തിക്കുന്നുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**